"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ജലവിഭവ വകുപ്പ് - കിഫ്‌ബി മുഖേന നടപ്പിലാക്കുന്ന കുട്ടനാട് സമഗ്ര കുടിവെള്ള പദ്ധതിയുടെ ഘട്ടം- 2- ലെ പാക്കേജ്- V ന്റെ പ്രവൃത്തിയ്ക്ക് ലഭിച്ച ഏക ദർഘാസ് അംഗീകരിക്കുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ജലവിഭവ (ജലവിതരണ-ബി) വകുപ്പ്**

സ.ഉ.(കൈ) നം.58/2025/WRD തീയതി,തിരുവനന്തപുരം, 15-07-2025

---

പരാമർശം:-

1. സ.ഉ (പി) നം. 375/2015/ധന തീയതി 24.08.2015.
2. സ.ഉ (പി) നം. 16/2017/ധന തീയതി 06.02.2017.
3. സ.ഉ (സാധ) നം. 406/2018/ജ.വി.വ തീയതി 04.06.2018.
4. കിഫ്‌ബി ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 25.06.2019 തീയതിയിലെ WRD025-29/APR-6/2019/KIIFB നമ്പർ നടപടിക്രമം.
5. സ.ഉ (സാധ) നം. 421/2023/ജ.വി.വ തീയതി 02.05.2023.
6. കിഫ്‌ബി ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 23.11.2023 തീയതിയിലെ WRD025-29/APR-5/2023/KIIFB നമ്പർ നടപടിക്രമം.
7. കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടറുടെ 08.01.2025, 27.06.2025 തീയതികളിലെ KWA-JB/9988/2024-AE9 നമ്പർ കത്തുകൾ.

**ഉത്തരവ്**

കുട്ടനാട് താലൂക്കിൽപെട്ട 13 പഞ്ചായത്തുകളായ തലവടി, എടത്വാ, തകഴി, മുട്ടാർ, നെടുമുടി, രാമങ്കരി, ചമ്പക്കുളം, നീലംപേരൂർ, കാവാലം, പുളിങ്കുന്ന്, കൈനകരി, വെളിയനാട്, വീയപുരം എന്നിവയ്ക്ക് വേണ്ടി കിഫ്‌ബി ധനസഹായത്തോടു കൂടിയുള്ള സമഗ്ര കുടിവെള്ള പദ്ധതിയുടെ ഘട്ടം- 2 ന്റെ പ്രവൃത്തിയ്ക്ക് പരാമർശം (3)- ലെ സർക്കാർ ഉത്തരവ് പ്രകാരം 241 കോടി രൂപയുടെ ഭരണാനുമതിയും, കിഫ്‌ബി സ്കീമിൽ ഉൾപ്പെടുത്തി പരാമർശം (4) പ്രകാരം 289.54 കോടി രൂപ അനുവദിക്കുകയും ചെയ്തിരുന്നു. എന്നാൽ PRICE 3.0 പ്രകാരം പുതുക്കി തയ്യാറാക്കിയ എസ്റ്റിമേറ്റ് അനുസരിച്ച് GST കൂടിയതിനാലും DSoR 2018 Rate revision വന്നതിനാലും LSGD റോഡ് റിസ്റ്റോറേഷൻ ഉൾപ്പെടുത്തിയതിനാലും ടി പദ്ധതി തുക 387.91 കോടി രൂപയായി വർദ്ധിച്ചതിനാൽ, അധിക തുകയായ 98.371 കോടി രൂപ കൂടി ഉൾപ്പെടുത്തി 387.91 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതി പരാമർശം (5) പ്രകാരം നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയ്ക്ക് അനുവദിച്ച വിഹിതം 385.01 കോടി രൂപയായി വർദ്ധിപ്പിച്ച് ഫണ്ടിംഗ് പരിഷ്കരിക്കുന്നതിന് പരാമർശം (6) പ്രകാരം കിഫ്‌ബി ഉത്തരവായിട്ടുണ്ട്. പുതുക്കിയ ഭരണാനുമതിയുടെ അടിസ്ഥാനത്തിൽ ഈ പദ്ധതി പ്രവൃത്തികൾ 9 പാക്കേജുകളായി നടപ്പിലാക്കുന്നതിന് പുന:ക്രമീകരണം ചെയ്യുകയുണ്ടായി.

2. മുട്ടാർ, വെളിയനാട്, നീലംപേരൂർ എന്നീ പഞ്ചായത്തുകളിൽ ഉന്നതതല ജലസംഭരണികളുടെ നിർമ്മാണവും, വിതരണ ശൃംഖല സ്ഥാപിക്കലും, നിലവിലുള്ള ഉന്നതതല ജലസംഭരണികളുടെ പുനരുദ്ധാരണവുമാണ് കുട്ടനാട് സമഗ്ര കുടിവെള്ള പദ്ധതി ഘട്ടം-2 ലെ പാക്കേജ് - V- ൽ ഉൾപ്പെടുത്തിയിരിക്കുന്നത്. പ്രസ്തുത പ്രവൃത്തിയ്ക്കായി 4557 ലക്ഷം രൂപയുടെ സാങ്കേതികാനുമതി 08.08.2024-തീയതിയിൽ കേരള വാട്ടർ അതോറിറ്റി നൽകിയിട്ടുണ്ട്.

3. പ്രസ്തുത പ്രവൃത്തിയ്ക്കായി ഐറ്റം റേറ്റ് BoQ ആയി ആദ്യം ക്ഷണിച്ച ഇ-ദർഘാസിൽ ആരും പങ്കെടുക്കാത്തതിനാൽ ആയത് റദ്ദാക്കുകയാണുണ്ടായത്. പുന:ദർഘാസ് ക്ഷണിച്ചപ്പോൾ, M/s സൂര്യ കൺസ്ട്രക്ഷൻസ്, പി.ബി. നമ്പർ 57, പാലസ് ആർക്കേഡ്, സ്റ്റാച്യു ജംഗ്ഷൻ, തൃപ്പൂണിത്തുറ, എറണാകുളം- 682 301 സമർപ്പിച്ച ഏക ദർഘാസ് മാത്രമാണ് ലഭിച്ചതെന്നും, പ്രസ്തുത കരാറുകാരൻ, എൻ.ഐ.റ്റി നിശ്ചയിച്ചിട്ടുള്ള സാങ്കേതികവും സാമ്പത്തികവുമായ മാനദണ്ഡങ്ങൾ പാലിച്ചിട്ടുള്ളതിനാൽ 14.11.2024 തീയതിയിൽ ചേർന്ന ടെണ്ടർ കമ്മിറ്റി ടിയാനെ പ്രീ-ക്വാളിഫൈ ചെയ്യുകയുണ്ടായി എന്നും കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ അറിയിച്ചു. പ്രസ്തുത കരാറുകാരൻ ക്വാട്ട് ചെയ്ത തുകയായ 52,92,84,964/- രൂപ ദർഘാസ് തുകയായ 38,61,24,969/- രൂപയേക്കാൾ 37.08% അധികരിച്ചതായിരുന്നുവെന്നും, തുടർന്ന് ക്വാട്ട് ചെയ്ത ഉയർന്ന തുക കുറയ്ക്കുവാൻ കോൺട്രാക്ടർമാരുടെ PRICE 3.0 പോർട്ടൽ മുഖാന്തരം കരാറുകാരനോട് അഭ്യർത്ഥിച്ചപ്പോൾ, ക്വാട്ട് ചെയ്ത തുക കുറയ്ക്കാൻ തയ്യാറല്ലെന്ന് അറിയിച്ചുവെന്നും കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ അറിയിക്കുകയുണ്ടായി.

4. പരാമർശം (2) - ലെ സർക്കാർ ഉത്തരവ് പ്രകാരം DSoR + 10%, പ്രാദേശിക വിപണി നിരക്ക്, കരാറുകാരൻ ക്വാട്ട് ചെയ്ത തുക, ഇവയിൽ ഏതാണോ കുറവ് വരുന്നത് ആ തുകയ്ക്കാണ് ദർഘാസ് അംഗീകരിക്കേണ്ടത്. ഇതിൽ കുറഞ്ഞ തുകയും Current DsoR+10% നിരക്കുമായ 42,47,37,465.42/- രൂപയ്ക്കു മാത്രമേ പ്രസ്തുത ദർഘാസ് അനുവദിക്കാനാകുകയുള്ളൂ.

5. കുട്ടനാട് കുടിവെള്ള പദ്ധതിയുടെ കീഴിലുള്ള മൂന്ന് പഞ്ചായത്തുകളിലെ ഉൽപാദന ഘടകങ്ങളും (ഉന്നതതല ജലസംഭരണികളുടെ നിർമ്മാണം), വിതരണ ശൃംഖലയും പ്രസ്തുത പ്രവൃത്തിയിൽ ഉൾപ്പെടുന്നതായും, ഈ പ്രത്യേക പാക്കേജിനായി 9 തവണ ദർഘാസ് ക്ഷണിച്ചെങ്കിലും ആരും പങ്കെടുക്കാത്തതിനെ തുടർന്ന് എസ്റ്റിമേറ്റ് റീ-കാസ്റ്റ് ചെയ്ത് ദർഘാസ് ക്ഷണിച്ചെങ്കിലും, റീകാസ്റ്റിംഗിന് ശേഷമുള്ള ആദ്യ പുന:ദർഘാസിലും ഒരു ഓഫർ മാത്രമേ ലഭിച്ചുള്ളൂ എന്നും കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ സർക്കാരിനെ അറിയിച്ചു. കുട്ടനാടൻ മേഖലകളിൽ കുടിവെള്ളക്ഷാമം രൂക്ഷമാണെന്നും, വളരെ വർഷങ്ങൾക്ക് മുമ്പ് കമ്മീഷൻ ചെയ്ത നിലവിലുള്ള പഴയ പദ്ധതികളിൽ നിന്നുള്ള പരിമിതമായ ജലലഭ്യത കാരണം ജലവിതരണം അപര്യാപ്തവും ഇടവിട്ടുള്ളതുമാണെന്നും, കുട്ടനാട് പ്രദേശത്തിന്റെ ഇന്നത്തെയും ഭാവിയിലെയും ആവശ്യങ്ങൾ തൃപ്തിപ്പെടുത്താൻ ഭാഗികമായ പ്രദേശങ്ങൾ ഉൾക്കൊള്ളുന്ന നിലവിലുള്ള പദ്ധതികൾക്ക് കഴിയില്ല എന്നും കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. ജൽ ജീവൻ മിഷന്റെ കീഴിൽ കുട്ടനാട്ടിലെ 13 പഞ്ചായത്തുകളിൽ സർവീസ് കണക്ഷനുകൾ നൽകുന്നതിനുള്ള പ്രവർത്തനങ്ങൾ ഇതിനകം ക്രമീകരിച്ചിട്ടുണ്ടെന്നും, നിർദ്ദിഷ്ട സ്ഥലം സമുദ്രനിരപ്പിന് താഴെയുള്ള കുട്ടനാട് പ്രദേശത്തായതിനാൽ സീസണൽ ജോലികൾ മാത്രമേ സാധ്യമാകൂ എന്ന വസ്തുതയാണ് ഉയർന്ന വിലനിർണ്ണയത്തിനുള്ള കാരണമെന്നും, ഭൂമിയിൽ വെള്ളം കെട്ടിനിൽക്കുന്നതിനാൽ, സിവിൽ പ്രവൃത്തികൾക്ക്, പ്രത്യേകിച്ച് അടിത്തറ നിർമ്മാണത്തിന്, പ്രത്യേക യന്ത്രസാമഗ്രികളും വൈദഗ്ധ്യമുള്ള തൊഴിലാളികളും ഉൾപ്പെടെയുള്ള പ്രത്യേക നിർമ്മാണ സാങ്കേതികവിദ്യകൾ ആവശ്യമാണെന്നും, സാധാരണ ഭൂപ്രദേശങ്ങളെ അപേക്ഷിച്ച് ജലവിതാനം വളരെ ഉയർന്നതായതിനാൽ പൈപ്പ്ലൈനുകൾ സ്ഥാപിക്കുന്നതിന്

കൂടുതൽ സമയവും പണവും ആവശ്യമാണെന്നും കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ അറിയിച്ചു.

6. പ്രസ്തുത സാഹചര്യത്തിൽ, സിംഗിൾ ബിഡ്ഡറായ "M/s സൂര്യ കൺസ്ട്രക്ഷൻസ്, പി.ബി. നമ്പർ 57, പാലസ് ആർക്കേഡ്, സ്റ്റാച്യു ജംഗ്ഷൻ, തൃപ്പൂണിത്തുറ, എറണാകുളം- 682 301" — ന് അവർ ക്വാട്ട് ചെയ്ത, ദർഘാസ് തുകയേക്കാൾ 37.08% ഉം, പ്രാദേശിക വിപണി നിരക്കിനേക്കാൾ 20.86% ഉം അധികരിച്ച 52,92,84,964/- രൂപയ്ക്ക് (അമ്പത്തിരണ്ട് കോടി തൊണ്ണൂറ്റിരണ്ട് ലക്ഷത്തി എൺപത്തിനാലായിരത്തി തൊള്ളായിരത്തി അറുപത്തിനാല് രൂപ മാത്രം) പ്രസ്തുത ദർഘാസ് അനുവദിക്കുന്നതിന് അനുമതി നൽകണമെന്ന് കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ പരാമർശം (7) പ്രകാരം സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

7. സർക്കാർ ഈ വിഷയം വിശദമായി പരിശോധിക്കുകയുണ്ടായി. വളരെ ഗുരുതരമായ കുടിവെള്ള ദൗർലഭ്യം നേരിടുന്നതാണ് കുട്ടനാട്ടിലെ പഞ്ചായത്തുകളെന്നും, പ്രത്യേകിച്ച് തീവ്ര മഴ പെയ്യുന്ന സമയത്തും പ്രളയ സാഹചര്യത്തിലും തികച്ചും സഹതാപകരമായ സാഹചര്യമാണ് അവിടെ ഉള്ളതെന്നും, ആയതിനാലാണ് കിഫ്ബിയിൽ നിന്നും 385 കോടി രൂപയ്ക്ക് ബൃഹത്തായ കുടിവെള്ള പദ്ധതിക്ക് രൂപം നൽകിയിട്ടുള്ളതെന്നും സർക്കാർ നിരീക്ഷിക്കുകയുണ്ടായി. ആദ്യം ടെണ്ടറുകൾ വിളിച്ചെങ്കിലും പദ്ധതി നടത്തിപ്പിലെ ബുദ്ധിമുട്ടുകൾ മൂലം ആരും തന്നെ പങ്കെടുത്തില്ല. അതിനാലാണ് ഇതിനെ വിവിധ പാക്കേജുകളായി തരം തിരിച്ച് പ്രവൃത്തി നടത്താൻ നിലവിൽ തീരുമാനിച്ചിട്ടുള്ളത്. മൂന്നു പഞ്ചായത്തുകൾക്കാണ് പാക്കേജ്- V പ്രവൃത്തിയുടെ ഗുണം ലഭിക്കുന്നത്. രണ്ടാം ദർഘാസിലും ഒരു ഓഫർ മാത്രമേ ലഭിച്ചിട്ടുള്ളൂ. ഇനിയും കാലതാമസം വരുത്തുന്നത് ജനങ്ങൾക്ക് കുടിവെള്ളം ലഭിക്കുന്നതിന് തടസ്സമാകും എന്നു മാത്രമല്ല ഇനിയും ചെലവ് കൂട്ടാനേ കാരണമാകൂ എന്നും സർക്കാർ നിരീക്ഷിക്കുകയുണ്ടായി.

8. പ്രസ്തുത സാഹചര്യത്തിൽ "കുട്ടനാട് സമഗ്ര കുടിവെള്ള പദ്ധതി ഘട്ടം - II പാക്കേജ് V- മുട്ടാർ, വെളിയനാട്, നീലംപേരൂർ എന്നീ പഞ്ചായത്തുകളിൽ ഉന്നതതല ജലസംഭരണികളുടെ നിർമ്മാണവും, വിതരണ ശൃംഖല സ്ഥാപിക്കലും, നിലവിലുള്ള ഉന്നതതല ജലസംഭരണികളുടെ പുനരുദ്ധാരണവും" എന്ന പ്രവൃത്തിയ്ക്ക് ലഭിച്ച സിംഗിൾ ബിഡ്ഡറായ 'M/s സൂര്യ കൺസ്ട്രക്ഷൻസ്, പി.ബി. നമ്പർ 57, പാലസ് ആർക്കേഡ്, സ്റ്റാച്യു ജംഗ്ഷൻ, തൃപ്പൂണിത്തുറ, എറണാകുളം- 682 301' ക്വാട്ട് ചെയ്ത ദർഘാസ് Tendered PAC യേക്കാൾ 37.08% അധികരിച്ച തുകയായ 52,92,84,964/- രൂപയ്ക്ക് (അമ്പത്തിരണ്ട് കോടി തൊണ്ണൂറ്റിരണ്ട് ലക്ഷത്തി എൺപത്തി നാലായിരത്തി തൊള്ളായിരത്തി അറുപത്തിനാല് രൂപ മാത്രം) താഴെ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി അംഗീകരിക്കുന്നതിനുള്ള അനുമതി കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർക്ക് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

I. The tendering authority may be directed to issue LOA specifying the clause 9.14.1.6 of the NIT Vol-I to the effect that 'on each supply, Contractor may submit bills for materials supplied not exceeding 80% of estimate rate/ quoted rate of materials, whichever is less'.

II. KIIFB shall concur the tender only on conditions that "Supply of Pipes & Payment for supply shall be strictly according to the CL 9.14 of the NIT conditions" and that " Only the laid quantity of pipe will be paid by KIIFB and excess supply if any shall be the responsibility of the

SPV/contractor and KIIFB shall not pay for such excess quantity".

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിശ്വനാഥ് സിൻഹ
അഡീഷണൽ ചീഫ് സെക്രട്ടറി

1. മാനേജിംഗ് ഡയറക്ടർ, കേരള വാട്ടർ അതോറിറ്റി, തിരുവനന്തപുരം
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ആഡിറ്റ്), കേരള, തിരുവനന്തപുരം.
3. പൊതുഭരണ (എസ്.സി) വകുപ്പ് ( 10.07.2025-ലെ ഇനം. 3118 പ്രകാരം)
4. ധനകാര്യ വകുപ്പ് (ഫയൽ നം. Infra-2/7/2025/Fin)
5. ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, ഐ & പി.ആർ.ഡി
6. കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Signed by
Khadeeja Alungal
Date: 15-07-2025 15:43:40
സെക്ഷൻ ഓഫീസർ

പകർപ്പ്

ബഹു. ജലവിഭവ വകുപ്പ് മന്ത്രിയുടെ പി.എസിന്
ജലവിഭവ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയ്ക്ക്

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 10-07-2025

ഫയൽ നം. ഡബ്ല്യൂ.എസ്.-ബി1/14/2025/ജ.വി.വ. ഇനം നം: 3118

വിഷയം : ജലവിഭവ വകുപ്പ് - കുട്ടനാട് സമഗ്ര കുടിവെള്ള പദ്ധതിയുടെ ഘട്ടം-2-ലെ പാക്കേജ്-V-ന്റെ പ്രവൃത്തിയ്ക്ക് ലഭിച്ച Tendered PAC-യേക്കാൾ 37.08% അധികരിച്ച 52,92,84,964/- (അമ്പത്തിരണ്ട് കോടി തൊണ്ണൂറ്റിരണ്ട് ലക്ഷത്തി എൺപത്തിനാലായിരത്തി തൊള്ളായിരത്തി അറുപത്തിനാല് രൂപ മാത്രം) രൂപയ്ക്ക് ടെൻഡർ അംഗീകരിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, ജലവിഭവ വകുപ്പ്.

14/7/25
S.S

3118

**കേരള സർക്കാർ**
**(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)**

**<u>മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്</u>**

| | | | |
|---|---|---|---|
| 1. | ഫയൽ നമ്പർ | : | ഡബ്ല്യൂ എസ്- ബി1/14/2025-ജ.വി.വ |
| 2. | വകുപ്പ് | : | ജലവിഭവ (ജലവിതരണ -ബി) വകുപ്പ് |
| 3. | വിഷയം | : | "കുട്ടനാട് സമഗ്ര കുടിവെള്ള പദ്ധതിയുടെ ഘട്ടം- 2- ലെ പാക്കേജ്- V ന്റെ പ്രവൃത്തിയ്ക്ക്" ലഭിച്ച Tendered PAC യേക്കാൾ 37.08% അധികരിച്ച 52,92,84,964/- (അമ്പത്തിരണ്ട് കോടി തൊണ്ണൂറ്റിരണ്ട് ലക്ഷത്തി എൺപത്തിനാലായിരത്തി തൊള്ളായിരത്തി അറുപത്തിനാല് രൂപ മാത്രം) രൂപയ്ക്ക് ടെൻഡർ അംഗീകരിക്കുന്നത് സംബന്ധിച്ച്. |
| 4. | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 14/06/2025 |
| 5. | (i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ? | : | ഉണ്ട് |
| | (ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഉണ്ട്. അതെ |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഇല്ല. |
| 7. | കുറിപ്പ് സമർപ്പിച്ച സ്പെഷ്യൽ സെക്രട്ടറിയുടെ പേര് | : | ശ്രീ. സജികുമാർ. ജെ |
| 8. | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | : | ശ്രീ. ബിശ്വനാഥ് സിൻഹ |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 05/07/2025 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ. എ. ജയതിലക് |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 05/07/2025 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ. റോഷി അഗസ്റ്റിൻ |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | | 07/07/2025 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 07/07/2025 |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പറും തീയതിയും | : | |

# മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

കുട്ടനാട് സമഗ്ര കുടിവെള്ള പദ്ധതിയുടെ ഘട്ടം- 2- ലെ പാക്കേജ്- V ന്റെ പ്രവൃത്തിയ്ക്ക് ലഭിച്ച ഏക ദർഘാസ് അംഗീകരിക്കുന്നതുമായി ബന്ധപ്പെട്ടതാണ് ഈ കുറിപ്പ്.

2. കുട്ടനാട് താലൂക്കിൽപെട്ട 13 പഞ്ചായത്തുകളായ തലവടി, എടത്വാ, തകഴി, മുട്ടാർ, നെടുമുടി, രാമങ്കരി, ചമ്പക്കുളം, നീലംപേരൂർ, കാവാലം, പുളിങ്കുന്ന്, കൈനകരി, വെളിയനാട്, വീയപുരം എന്നിവയ്ക്കു വേണ്ടി കിഫ്ബി ധനസഹായത്തോടു കൂടിയുള്ള സമഗ്ര കുടിവെള്ള പദ്ധതിയാണിത്. കുട്ടനാട് സമഗ്ര കുടിവെള്ള പദ്ധതിയുടെ ഘട്ടം- 2- ന് 04/06/2018 തീയതിയിലെ സ.ഉ (സാധാ) നം. 406/2018/ജ.വി.വ ഉത്തരവ് പ്രകാരം 241 കോടി രൂപയുടെ ഭരണാനുമതിയ്ക്ക് തത്വത്തിൽ അംഗീകാരം നൽകുകയും, 25.06.2019 തീയതിയിലെ WRD025-29/APR-6/2019/KIIFB ഉത്തരവ് പ്രകാരം കിഫ്ബി സ്കീമിൽ ഉൾപ്പെടുത്തി 289.54 കോടി രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

3. PRICE 3.0 പ്രകാരം പുതുക്കി തയ്യാറാക്കിയ എസ്റ്റിമേറ്റ് അനുസരിച്ച് GST കൂടിയതിനാലും DSR 2018 Rate revision വന്നതിനാലും LSGD റോഡ് റിസ്റ്റൊറേഷൻ ഉൾപ്പെടുത്തിയതിനാലും ടി പദ്ധതി തുക 387.91 കോടിയായി വർദ്ധിച്ചു. അധിക തുകയായ 98.371 കോടി രൂപ കൂടി ഉൾപ്പെടുത്തി 387.91 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതി 02.05.2023 തീയതിയിലെ സ.ഉ (സാധാ) നം. 421/2023/ജ.വി.വ നമ്പർ ഉത്തരവിലൂടെ നൽകിയിട്ടുണ്ട്. 23.11.2023 തീയതിയിലെ WRD025-29/APR-5/2023/KIIFB ഉത്തരവ് പ്രകാരം പ്രസ്തുത പദ്ധതിയ്ക്ക് അനുവദിച്ച വിഹിതം 385,01,38,929.54/- രൂപയായി വർദ്ധിപ്പിച്ച് ഫണ്ടിംഗ് പരിഷ്കരിക്കുന്നതിന് കിഫ്ബി ഉത്തരവായിട്ടുണ്ട്. പുതുക്കിയ ഭരണാനുമതിയുടെ അടിസ്ഥാനത്തിൽ ഈ പദ്ധതി പ്രവൃത്തികൾ 9 പാക്കേജുകളായി നടപ്പിലാക്കുന്നതിന് പുനഃക്രമീകരണം ചെയ്യുകയുണ്ടായി.

4. "കുട്ടനാട് സമഗ്ര കുടിവെള്ള പദ്ധതി ഘട്ടം - II പാക്കേജ് V- മുട്ടാർ, വെളിയനാട്, നീലംപേരൂർ എന്നീ പഞ്ചായത്തുകളിൽ ഉന്നതതല ജലസംഭരണികളുടെ നിർമ്മാണവും, വിതരണ ശൃംഖല സ്ഥാപിക്കലും, നിലവിലുള്ള ഉന്നതതല ജലസംഭരണികളുടെ പുനരുദ്ധാരണവും" എന്ന പ്രവൃത്തിയ്ക്കായി 4557 ലക്ഷം രൂപയുടെ സാങ്കേതികാനുമതി 08.08.2024-ൽ കേരള വാട്ടർ അതോറിറ്റി നൽകിയിട്ടുണ്ട്.

5. പ്രസ്തുത പ്രവൃത്തിയ്ക്കായി കേരള വാട്ടർ അതോറിറ്റി പി.എച്ച് സർക്കിൾ, ആലപ്പുഴ, ദർഘാസ് സമർപ്പിക്കേണ്ട അവസാന തീയതി 12.09.2024 തീയതിയായി നിശ്ചയിച്ചുകൊണ്ട് ഐറ്റം റേറ്റ് BoQ ആയി ഇ-ടെൻഡർ ക്ഷണിച്ചുവെങ്കിലും, ആയതിൽ ആരും പങ്കെടുക്കാത്തതിനാൽ റദ്ദാക്കുകയാണുണ്ടായത്. പുനഃദർഘാസ് ക്ഷണിച്ചപ്പോൾ, M/s സൂര്യ കൺസ്ട്രക്ഷൻസ്, പി.ബി. നമ്പർ 57, പാലസ് ആർക്കേഡ്, സ്റ്റാച്ച്യു ജംഗ്ഷൻ, തൃപ്പൂണിത്തുറ, എറണാകുളം- 682 301 സമർപ്പിച്ച ഏക ദർഘാസ് മാത്രമാണ് ലഭിച്ചത്. പ്രസ്തുത bidder എൻ.ഐ.റ്റി നിശ്ചയിച്ചിട്ടുള്ള സാങ്കേതികവും സാമ്പത്തികവുമായ മാനദണ്ഡങ്ങൾ പാലിച്ചിട്ടുള്ളതിനാൽ 14.11.2024 തീയതിയിൽ ചേർന്ന ടെണ്ടർ കമ്മിറ്റി ടിയാനെ പ്രീ-ക്വാളിഫൈ ചെയ്യുകയും, 22.11.2024 തീയതിയിൽ പ്രസ്തുത ദർഘാസ് തുറക്കുകയും ചെയ്തു.

6. Single bidder ആയ M/s സൂര്യ കൺസ്ട്രക്ഷൻസ്, പി.ബി. നമ്പർ 57, പാലസ് ആർക്കേഡ്, സ്റ്റാച്ച്യു ജംഗ്ഷൻ, തൃപ്പൂണിത്തുറ, എറണാകുളം- 682 301-ന്റെ Quoted തുക Tendered PAC ആയ 38,61,24,969/- രൂപയേക്കാൾ 37.08% അധികരിച്ച 52,92,84,964/- രൂപയായിരുന്നു. ക്വാട്ട് ചെയ്ത ഉയർന്ന തുക കുറയ്ക്കുവാൻ കോൺട്രാക്ടർമാരുടെ PRICE 3.0 പോർട്ടൽ മുഖാന്തരം കരാറുകാരനോട് അഭ്യർത്ഥിച്ചപ്പോൾ, ക്വാട്ട് ചെയ്ത തുക കുറയ്ക്കാൻ തയ്യാറല്ലെന്ന് അറിയിച്ചു.

7. ടെൻഡർ കമ്മിറ്റി ദർഘാസ് വിശദമായി വിലയിരുത്തുകയും താഴെപ്പറയുന്ന കാര്യങ്ങൾ നിരീക്ഷിക്കുകയുമുണ്ടായി.

Quoted Amount - Rs. 52,92,84,964/- (37.08% above TPAC)

Current SoR + 10% amount- Rs. 42,47,37,465.42/-

Local Market Rate (LMR)- Rs. 43,79,23,504.92/- (As on 24.10.2024)

8. നിലവിലെ സർക്കാർ ഉത്തരവുകൾക്ക് വിധേയമായി മുകളിൽ പ്രസ്താവിച്ചിട്ടുള്ളതിൽ ഏറ്റവും കുറഞ്ഞ തുകയും Current SoR + 10% തുകയുമായ 42,47,37,465.42/- രൂപയ്ക്ക് മാത്രമേ പ്രവൃത്തി അനുവദിക്കാനാകൂ.

9. കുട്ടനാട് കുടിവെള്ള പദ്ധതിയുടെ കീഴിലുള്ള മൂന്ന് പഞ്ചായത്തുകളിലെ ഉൽപാദന ഘടകങ്ങളും (ഉന്നതതല ജലസംഭരണികളുടെ നിർമ്മാണം), വിതരണ ശൃംഖലയും പ്രസ്തുത പ്രവൃത്തിയിൽ ഉൾപ്പെടുന്നതായി കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ സർക്കാരിൽ റിപ്പോർട്ട് ചെയ്തു. ഈ പ്രത്യേക പാക്കേജിനായി 9 തവണ ദർഘാസ് ക്ഷണിച്ചെങ്കിലും ആരും പങ്കെടുത്തില്ല. തുടർന്ന് എസ്റ്റിമേറ്റ് റീ-കാസ്റ്റ് ചെയ്ത് ദർഘാസ് ക്ഷണിച്ചെങ്കിലും, റീകാസ്റ്റിംഗിന് ശേഷമുള്ള ആദ്യ പുനഃദർഘാസിലും ഒരു ഓഫർ മാത്രമേ ലഭിച്ചുള്ളൂ. കുട്ടനാടൻ മേഖലകളിൽ കുടിവെള്ളക്ഷാമം രൂക്ഷമാണ്. വളരെ വർഷങ്ങൾക്ക് മുമ്പ് കമ്മീഷൻ ചെയ്ത നിലവിലുള്ള പഴയ പദ്ധതികളിൽ നിന്നുള്ള പരിമിതമായ ജലലഭ്യത കാരണം ജലവിതരണം അപര്യാപ്തവും ഇടവിട്ടുള്ളതുമാണ്. കുട്ടനാട് പ്രദേശത്തിന്റെ ഇന്നത്തെയും ഭാവിയിലെയും ആവശ്യങ്ങൾ തൃപ്തിപ്പെടുത്താൻ ഭാഗികമായ പ്രദേശങ്ങൾ ഉൾക്കൊള്ളുന്ന നിലവിലുള്ള പദ്ധതികൾക്ക് കഴിയില്ല. പ്രദേശത്തെ ഭൂഗർഭ ജലത്തിന്റെ പ്രത്യേകതയും ഉപ്പുവെള്ളം കയറുന്നതുൾപ്പെടെയുള്ള മോശം ഭൂഗർഭജല നിലവാരവും കാരണം ഈ പ്രദേശങ്ങളിലെ കുഴൽക്കിണറുകളും പ്രവർത്തനക്ഷമമല്ല. വിശ്വസനീയവും സുരക്ഷിതവുമായ ജലവിതരണ സംവിധാനത്തിന്റെ അഭാവം ദൈനംദിന ജീവിതത്തെ ബാധിക്കുക മാത്രമല്ല, സമൂഹത്തിന് കാര്യമായ ആരോഗ്യ അപകടസാധ്യത സൃഷ്ടിക്കുകയും ചെയ്യുന്നു.

ഉപരിതല ജലസ്രോതസ്സുകളുടെ അപചയവും പ്രദേശത്തിന്റെ ജലക്ഷാമത്തിന് കാരണമായി. പ്രദേശത്തെ ദരിദ്രർ കടുത്ത ദുരിതത്തിലാണ്. നിത്യോപയോഗത്തിനായി ഉയർന്ന വിലയ്ക്ക് വെള്ളം വാങ്ങുന്നത് പ്രദേശത്തെ പാവപ്പെട്ടവരുടെ ജീവിതം ദുസ്സഹമാക്കുന്നു. പ്രദേശത്തെ കനാലുകളും തോടും "പോള" കൊണ്ട് നിറഞ്ഞിരിക്കുന്നു. വെള്ളം കലങ്ങിയതും ഗാർഹിക ആവശ്യങ്ങൾക്ക് അനുയോജ്യമല്ലാത്തതും പ്രദേശത്തെ ശിശുക്കളുടെയും കുട്ടികളുടെയും ആരോഗ്യത്തിന് ഭീഷണി ഉയർത്തുന്നു. ജൽ ജീവൻ മിഷന്റെ കീഴിൽ, കുട്ടനാട്ടിലെ 13 പഞ്ചായത്തുകളിൽ സർവീസ് കണക്ഷനുകൾ നൽകുന്നതിനുള്ള പ്രവർത്തനങ്ങൾ ഇതിനകം ക്രമീകരിച്ചിട്ടുണ്ട്. നിർദ്ദിഷ്ട സ്ഥലം സമുദ്രനിരപ്പിന് താഴെയുള്ള കുട്ടനാട് പ്രദേശത്തായതിനാൽ സീസണൽ ജോലികൾ മാത്രമേ സാധ്യമാകൂ എന്ന വസ്തുതയാണ് ഉയർന്ന വിലനിർണ്ണയത്തിനുള്ള കാരണം. ഭൂമിയിൽ വെള്ളം കെട്ടിനിൽക്കുന്നതിനാൽ, സിവിൽ പ്രവൃത്തികൾക്ക്, പ്രത്യേകിച്ച് അടിത്തറ നിർമ്മാണത്തിന്, പ്രത്യേക യന്ത്രസാമഗ്രികളും വൈദഗ്ധ്യമുള്ള തൊഴിലാളികളും ഉൾപ്പെടെയുള്ള പ്രത്യേക നിർമ്മാണ സാങ്കേതികവിദ്യകൾ ആവശ്യമാണ്. സാധാരണ ഭൂപ്രദേശങ്ങളെ അപേക്ഷിച്ച് ജലവിതാനം വളരെ ഉയർന്നതായതിനാൽ പൈപ്പ്ലൈനുകൾ സ്ഥാപിക്കുന്നതിന് കൂടുതൽ സമയവും പണവും ആവശ്യമാണെന്നും കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ റിപ്പോർട്ട് ചെയ്തു.

10. പ്രസ്തുത സാഹചര്യത്തിൽ, സിംഗിൾ ബിഡ്ഡർക്ക് അദ്ദേഹം ക്വാട്ട് ചെയ്ത, TPAC -യേക്കാൾ 37.08% ഉം പ്രാദേശിക വിപണി നിരക്കിനേക്കാൾ 20.86% ഉം അധികരിച്ച 52,92,84,964/- രൂപയ്ക്ക് (അമ്പത്തിരണ്ട് കോടി തൊണ്ണൂറ്റിരണ്ട് ലക്ഷത്തി എൺപത്തിനാലായിരത്തി തൊള്ളായിരത്തി അറുപത്തിനാല് രൂപ മാത്രം) പ്രസ്തുത ദർഘാസ് അനുവദിക്കുന്നതിന് അനുമതി നൽകണമെന്ന് കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

11. 24.08.2015-ലെ സ. ഉ (പി) നം. 375/15/ധന പ്രകാരം ഉത്തരവ് പ്രകാരം അധിക തുകയ്ക്ക് ടെണ്ടറുകൾ അനുവദിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ഇപ്രകാരമാണ്:

*'Normally no tender excess above 10% of estimated PAC will be allowed. If the lowest tender received exceeds 10% of the estimated cost, all such works shall be re- tendered under normal circumstances. However, if the Heads of Departments feel that some works exceeding 10% of PAC are to be urgently executed in the exigency of public service, then all such works shall be sanctioned at Government level with the concurrence of Finance Department. The Head of Department shall exercise due diligence in recommending each such proposal and should personally evaluate the circumstances that warrants such special considerations and submit a detailed justification for the acceptance of each such proposals"*

12. ധനകാര്യ വകുപ്പ് താഴെ പറയുംപ്രകാരം അഭിപ്രായപ്പെട്ടു:

1. "As per the details submitted, the L1 amount is 37.08% above the TPAC, 24.61% above the SOR+10% estimate, and 20.86% above the LMR estimate. As per KIIFB guidelines, "Tenders beyond justifiable market rate shall not be accepted. In exceptional circumstances if the tenders are to be accepted at a higher amount than the justifiable market rate the same shall be done with the approval of the Council of Ministers only."
2. Even if the tender is accepted, The tendering authority may be directed to issue LOA specifying the clause.9.14.1.6 of the NIT Vol-I to the effect that 'on each supply, Contractor may submit bills for materials supplied not exceeding 80% of estimate rate / quoted rate of materials, whichever is less'. This clause may be incorporated in the agreement also as the contractor is well aware about the clause 9.14.1.6 before bidding and hence they could not claim 100% of the quoted rate. Also all the valid Govt orders as on date in respect of Contract deviations/Extra items shall be made part of the agreement.
3. KIIFB shall concur the tender only on conditions that "Supply of Pipes & Payment for supply shall be strictly according to the CL 9.14 of the NIT conditions" and that " Only the laid quantity of pipe will be paid by KIIFB and excess supply if any shall be the responsibility of the SPV/contractor and KIIFB shall not pay for such excess quantity.

4. The works tendered by KWA are being quoted above the LMR rates, in the range of 15-40%. It has become a common practice for KWA to recommend this for tender sanction. It is requested that the AD shall conduct a detailed examination of this issue to identify the reason and take remedial measures. Failure to address this matter may result in a considerable financial burden on KIIFB and the public exchequer"

13. കേരള വാട്ടർ അതോറിറ്റിയുടെ 11362-ാം നമ്പർ പ്രമേയം അനുസരിച്ച്, "On each supply, Contractor may submit bills for materials supplied not exceeding 80% of estimate rate/ quoted rate of materials whichever is less and balance 20% will be paid only after laying, testing and commissioning of the pipe line" എന്ന് കരാറിന്റെ രണ്ടാം ഭാഗത്തിലെ പൊതു വ്യവസ്ഥകളിലെ 75.2-ാം വകുപ്പിൽ (Contract supplied Materials) ഉൾപ്പെടുത്താനും സ്റ്റാൻഡേർഡ് ബിഡ്ഡിംഗ് ഡോക്യുമെന്റിൽ മുൻകൂർ പേയ്മെന്റുകൾ (ഭാഗം III-ലെ വകുപ്പ് 20, കരാറിന്റെ പ്രത്യേക വ്യവസ്ഥകൾ) ഒഴിവാക്കാനും തീരുമാനിച്ചതായി കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ റിപ്പോർട്ട് ചെയ്തു. ധനകാര്യ വകുപ്പിന്റെ അഭിപ്രായത്തിലെ പോയിന്റ് നമ്പർ. 3 മായി ബന്ധപ്പെട്ട്, മുകളിൽ പറഞ്ഞ പ്രമേയം സ്റ്റാൻഡേർഡ് ബിഡ്ഡിംഗ് ഡോക്യുമെന്റിൽ ഉൾപ്പെടുത്തുമ്പോൾ, ഈ clause സ്വയമേവ പ്രാബല്യത്തിൽ വരുമെന്ന് മാനേജിംഗ് ഡയറക്ടർ റിപ്പോർട്ട് ചെയ്തു. പോയിന്റ് നമ്പർ- 4 സംബന്ധിച്ച്, ജോലിയുടെ സ്വഭാവമനുസരിച്ച്, ഡൽഹി ഷെഡ്യൂൾ ഓഫ് റേറ്റ്സ് (DSR), കേരള വാട്ടർ അതോറിറ്റി ഷെഡ്യൂൾ ഓഫ് റേറ്റ്സ് (KWA SoR), ഒബ്സർവ്ഡ് ഡാറ്റ (OD) എന്നിവ ഉപയോഗിച്ചാണ് കേരള വാട്ടർ അതോറിറ്റി എസ്റ്റിമേറ്റ് തയ്യാറാക്കുന്നതെന്ന് മാനേജിംഗ് ഡയറക്ടർ റിപ്പോർട്ട് ചെയ്തു. അമിത തുക ക്വാട്ട് ചെയ്യുന്നത് എസ്റ്റിമേറ്റിലെ വ്യവസ്ഥകളുടെ അപര്യാപ്തതയെക്കുറിച്ച് ആശങ്കകൾ ഉയർത്തിയേക്കാമെങ്കിലും ഇത് അങ്ങനെയല്ല. ഈ അവകാശവാദത്തെ സാധൂകരിക്കുന്നതിനായി താഴെപ്പറയുന്ന കാര്യങ്ങൾ കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ റിപ്പോർട്ട് ചെയ്തു:

- In item rate tendering, only the item descriptions and quantities are disclosed to bidders, while the estimated cost remains confidential. Bidders submit their own rates for each item, ensuring that the estimate does not influence their quotes at any stage. The estimate and LMR serve as reference points in PRICE for comparing quoted rates.
- Thus, the argument that a lower estimate leads to extreme quotes is unfounded. Even if the estimate were assumed to be lower, it would only impact the approving authority, not the quoted rates. If the quoted rate falls within DSR + 10%, the Chief Engineer can approve it, which does not affect the contractor's bid.
- However, KWA faces inherent challenges in estimate preparation using DSR and PRICE.
- Since DSR is based on Delhi's prevailing rates, its applicability to other regions and future periods requires adjustment by way of the cost index. The cost index helps standardize estimates across locations and time, but with DSR 2018 still in use and an unchanged cost index even after six years, the estimated rates for these items remain lower.
- In the case of Non-DSR items for which KWA prepared SoR, the estimated rates are not updated by the PRICE team as and when it is approved by CTE but LMR rates are uploaded in every quarter by which for items sometimes the LMR will be less than the estimated rate, but still quoted rate can go beyond market rate since the rate offered by empanelled agencies are taken as reference rate for LMR"

14. ബഹു. ജലവിഭവ വകുപ്പ് മന്ത്രി താഴെ പറയും പ്രകാരം അഭിപ്രായപ്പെട്ടു:

"വളരെ ഗുരുതരമായ കുടിവെള്ള ദൗർലഭ്യം നേരിടുന്നതാണ് കുട്ടനാട്ടിലെ പഞ്ചായത്തുകൾ. പ്രത്യേകിച്ച് തീവ്ര മഴ പെയ്യുന്ന സമയത്തും പ്രളയ സാഹചര്യത്തിലും തികച്ചും സഹതാപകരമായ സാഹചര്യമാണ് അവിടെ ഉള്ളത്. ആയതിനാലാണ് കിഫ്ബിയിൽ നിന്നും 385 കോടി രൂപയുടെ ബൃഹത്തായ കുടിവെള്ള പദ്ധതിക്ക് രൂപം നൽകിയിട്ടുള്ളത്. ആദ്യം ടെണ്ടറുകൾ വിളിച്ചെങ്കിലും പദ്ധതി നടത്തിപ്പിലെ ബുദ്ധിമുട്ടുകൾ മൂലം ആരും തന്നെ പങ്കെടുത്തില്ല. അതിനാൽ ഇതിനെ വിവിധ പാക്കേജുകളായി തരം തിരിച്ച് പ്രവൃത്തി നടത്താനാണ് നിലവിൽ തീരുമാനിച്ചിട്ടുള്ളത്. ഇപ്രകാരം മൂന്ന് പാക്കേജുകളുടെ കാര്യമാണ് ഇപ്പോൾ പരിശോധിച്ച് നടപടി സ്വീകരിക്കുന്നത്.

ഈ ഫയലിൽ കൈകാര്യം ചെയ്യുന്ന വർക്കിൽ രണ്ടു ടെണ്ടറുകൾ നടത്തി. മൂന്നു പഞ്ചായത്തുകൾക്ക് ഇതിന്റെ ഗുണം ലഭിക്കും. രണ്ടാം ടെണ്ടറിലും ഒരു ഓഫർ മാത്രമേ ലഭിച്ചിട്ടുള്ളൂ. ടോളറൻസ് ലിമിറ്റിൽ നിന്നും പ്രൈസ് സംവിധാന പ്രകാരമുള്ള യഥാർത്ഥ മാർക്കറ്റ് റേറ്റിന് വലിയ വ്യത്യാസം ഇല്ല എന്നതിൽ നിന്നും പ്രൈസ് സംവിധാനത്തിന്റെ അപര്യാപ്തത മനസ്സിലാക്കാവുന്നതാണ്. ഇനിയും കാലതാമസം വരുത്തുന്നത് ജനങ്ങൾക്ക് കുടിവെള്ളം ലഭിക്കുന്നതിന് തടസ്സമാകും എന്നു മാത്രമല്ല ഇനിയും ചെലവ് കൂട്ടാനേ കാരണമാകൂ എന്നതിനാൽ ധനവകുപ്പ് ഉന്നയിച്ച വിഷയങ്ങൾക്കുള്ള മറുപടിയുടെ പശ്ചാത്തലത്തിൽ ഇക്കാര്യം മന്ത്രിസഭയുടെ പരിഗണനയ്ക്ക് വയ്ക്കുന്നതിന് ബഹു. മുഖ്യമന്ത്രി സദയം ഉത്തരവായാലും."

15. ഈ വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായി.

16. മന്ത്രിസഭാ യോഗത്തിലേയ്ക്കുള്ള കരട് കുറിപ്പ് അംഗീകാരത്തിനായി സമർപ്പിച്ചപ്പോൾ, DSoR 2021 പ്രാബല്യത്തിൽ വന്ന സാഹചര്യത്തിൽ, ക്വാട്ട് ചെയ്ത തുകയെ DSoR 2021 അടിസ്ഥാനമാക്കിയുള്ള തുകകളുമായി കൂടി താരതമ്യം ചെയ്ത് കുറിപ്പ് പരിഷ്കരിക്കാൻ ചീഫ് സെക്രട്ടറി നിർദ്ദേശിച്ചു.

**Comparison Statement**

| **Quoted Amount - Rs. 52,92,84,964/-** | | |
|---|---|---|
| **As per DsoR 2018** | Amount | Quoted Amount Percentage Above or Below |
| Tendered PAC | Rs. 38,61,24,969/- | **37.08% Above** |
| Current SoR (2018)+10% amount | Rs. 42,47,37,465.42/- | **24.62% Above** |
| Local Market Rate (LMR) | Rs. 43,79,23,504.92/- | **20.86% Above** |
| **As per DsoR 2021** | Amount | Quoted Amount Percentage Above or Below |
| Estimate PAC | Rs. 41,66,37,414.98/- | **27.04% Above** |
| SoR (2021)+10% amount | Rs. 45,83,01,156.48/- | **15.49% Above** |

**തീരുമാനിക്കേണ്ട വിഷയം**

"കുട്ടനാട് സമഗ്ര കുടിവെള്ള പദ്ധതി ഘട്ടം – II പാക്കേജ് V– മുട്ടാർ, വെളിയനാട്, നീലംപേരൂർ എന്നീ പഞ്ചായത്തുകളിൽ ഉന്നതതല ജലസംഭരണികളുടെ നിർമ്മാണവും, വിതരണ ശൃംഖല സ്ഥാപിക്കലും, നിലവിലുള്ള ഉന്നതതല ജലസംഭരണികളുടെ പുനരുദ്ധാരണവും" എന്ന പ്രവൃത്തിയ്ക്ക് "M/s സൂര്യ കൺസ്ട്രക്ഷൻസ്, പി.ബി. നമ്പർ 57, പാലസ് ആർക്കേഡ്, സ്റ്റാച്യു ജംഗ്ഷൻ, തൃപ്പൂണിത്തുറ, എറണാകുളം- 682 301" എന്ന കരാറുകാരൻ ക്വാട്ട് ചെയ്ത ദർഘാസ്, Tendered PAC യേക്കാൾ 37.08% അധികരിച്ച തുകയായ 52,92,84,964/- രൂപയ്ക്ക് (അമ്പത്തിരണ്ട് കോടി തൊണ്ണൂറ്റിരണ്ട് ലക്ഷത്തി എൺപത്തിനാലായിരത്തി തൊള്ളായിരത്തി അറുപത്തിനാല് രൂപ മാത്രം) താഴെ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി അനുവദിക്കുന്നതിന് മാനേജിംഗ് ഡയറക്ടർ, കേരള വാട്ടർ അതോറിറ്റിയ്ക്ക് അനുമതി നൽകാമോ;

I. The tendering authority may be directed to issue LOA specifying the clause.9.14.1.6 of the NIT Vol-I to the effect that 'on each supply, Contractor may submit bills for materials supplied not exceeding 80% of estimate rate / quoted rate of materials, whichever is less'.

II. KIIFB shall concur the tender only on conditions that "Supply of Pipes & Payment for supply shall be strictly according to the CL 9.14 of the NIT conditions" and that " Only the laid quantity of pipe will be paid by KIIFB and excess supply if any shall be the responsibility of the SPV/contractor and KIIFB shall not pay for such excess quantity".